29.

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# മതസ്ഥാപനങ്ങൾ (ദുരുപയോഗം തടയൽ) ആക്റ്റ്, 1988

## (1988-ലെ 41-ാം നമ്പർ ആക്റ്റ്)

(1998 മേയ് 14-ാം തീയതി നിലവിലിരുന്നപ്രകാരം)

# The Religious Institutions (Prevention of Misuse) Act, 1988

## (Act No. 41 of 1988)

(As on 14th May, 1998)

വില : 17 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2011

## ആമുഖം

1998 മേയ് 14-ാം തീയതി നിലവിലിരുന്നപ്രകാരമുള്ള മതസ്ഥാപനങ്ങൾ (ദുരുപയോഗം തടയൽ) ആക്റ്റ്, 1988 (1988-ലെ 41-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ഡിസംബർ 2-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 2 മുതൽ 5 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരികപാഠമായിത്തീരുകയും ചെയ്തു.

ഡോ. രഘ്ബീർ സിങ്,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Religious Institutions (Prevention of Misuse) Act, 1988 (Act No. 41 of 1988) as on 14th May, 1988 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 1, No. 1, dated 2nd December, 2003 on pages 2 to 5.

This authorised translation was published under the authority of the President of India under clause (a) of Section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

Dr. RAGHBIR SINGH,
*Secretary to Government of India.*

3/2365/2011/DTP.

# 1988-ലെ മതസ്ഥാപനങ്ങൾ (ദുരുപയോഗം തടയൽ) ആക്റ്റ്

(1988-ലെ 41-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| 3. | ചില ആവശ്യങ്ങൾക്ക് മതസ്ഥാപനങ്ങൾ ഉപയോഗിക്കുന്നതിൻമേലുള്ള നിരോധനം | 2 |
| 4. | മതസ്ഥാപനത്തിനുള്ളിലേക്ക് ആയുധങ്ങളോ വെടിക്കോപ്പോ കൊണ്ടുവരുന്നതിൻമേലുള്ള നിരോധനം | 3 |
| 5. | ചില പ്രവർത്തനങ്ങൾക്ക് മതസ്ഥാപനങ്ങളുടെ ഫണ്ടുകൾ ഉപയോഗിക്കുന്നത് നിരോധിക്കൽ | 3 |
| 6. | മതപരമായ കാര്യങ്ങൾക്കുള്ള വേദികളിൽ രാഷ്ട്രീയാശയങ്ങൾ പ്രചരിപ്പിക്കുന്നത് നിരോധിക്കൽ | 3 |
| 7. | ശിക്ഷകൾ | 3 |
| 8. | ഈ ആക്റ്റിൻകീഴിൽ കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ ചാർജ്ജ്ഷീറ്റ് ചെയ്യപ്പെടുകയോ ചെയ്ത ആളുകളെ അയോഗ്യരാക്കൽ | 4 |
| 9. | പോലീസിന് വിവരം നല്കുന്നതിന് ചില ആളുകൾ ബാദ്ധ്യസ്ഥരാണെന്ന് | 4 |
| 10. | റദ്ദാക്കലും ഒഴിവാക്കലും | 4 |

# മതസ്ഥാപനങ്ങൾ (ദുരുപയോഗം തടയൽ) ആക്റ്റ്, 1988

(1988-ലെ 41-ാം ആക്റ്റ്)

[1988 സെപ്റ്റംബർ, 1]

രാഷ്ട്രീയാവശ്യങ്ങൾക്കും മറ്റാവശ്യങ്ങൾക്കും മതസ്ഥാപനങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തിയൊൻപതാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

*ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും*

1. (1) ഈ ആക്റ്റിന് മതസ്ഥാപനങ്ങൾ (ദുരുപയോഗം തടയൽ) ആക്റ്റ്, 1988 എന്നു പേർ പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 1988 മേയ് 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

*നിർവ്വചനങ്ങൾ*

2. ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "വെടിക്കോപ്പ്" എന്നതിന് ആയുധങ്ങൾ ആക്റ്റ്, 1959 (1959-ലെ 54)-ലെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിലെ അതേ അർത്ഥമുണ്ടായിരിക്കുന്നതാണ്;

(ഖ) "ആയുധങ്ങൾ" എന്നതിന് ആയുധങ്ങൾ ആക്റ്റ്, 1959 (1959-ലെ 54)-ലെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിലെ അതേ അർത്ഥമുണ്ടായിരിക്കുന്നതാണ്;

(ഗ) ഒരു മതസ്ഥാപനം സംബന്ധിച്ച്, "മാനേജർ" എന്നാൽ ആ മതസ്ഥാപനത്തിൻെറ കാര്യങ്ങൾ, ചുമതലകൾ, സ്വത്തുക്കൾ എന്നിവ ഒറ്റയ്ക്കോ മറ്റ് ആളുകളുമായി കൂട്ടുചേർന്നോ തൽസമയം ഭരിക്കുകയോ, മാനേജ് ചെയ്യുകയോ മറ്റുതരത്തിൽ നിയന്ത്രിക്കുകയോ ചെയ്യുന്ന, മതകാര്യ നിർവ്വാഹകൻ (എന്തു പേർ പറഞ്ഞാലും) ഉൾപ്പെടെ, ഓരോ ആളും എന്നർത്ഥമാകുന്നു;

(ഘ) "രാഷ്ട്രീയ പ്രവർത്തനം" എന്നതിൽ യോഗങ്ങളോ, പ്രകടനങ്ങളോ, ജാഥകളോ, ധനശേഖരണമോ വിതരണമോ ഏർപ്പാടു ചെയ്തുകൊണ്ടോ നിർദ്ദേശങ്ങളോ കല്പനകളോ പുറപ്പെടുവിച്ചുകൊണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗം മുഖേനയോ, ഒരു രാഷ്ട്രീയകക്ഷിയുടെ ലക്ഷ്യങ്ങളോ ഉദ്ദേശ്യങ്ങളോ അല്ലെങ്കിൽ രാഷ്ട്രീയസ്വഭാവമുള്ള ഏതെങ്കിലും ആദർശമോ, വിഷയമോ, പ്രശ്നമോ, അഭിവൃദ്ധിപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ഏതു പ്രവർത്തനവും ഉൾപ്പെടുന്നതും പാർലമെന്റിലേക്കോ ഏതെങ്കിലും സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിലേക്കോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തേക്കോ ഉള്ള ഏതെങ്കിലും തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെടുന്നതിനു സ്ഥാനാർത്ഥി എന്ന നിലയിൽ കാംക്ഷിക്കുന്ന ഒരു ആളോ ആ ആൾക്കുവേണ്ടിയോ നടത്തുന്ന അങ്ങനെയുള്ള പ്രവർത്തനവും ഉൾപ്പെടുന്നതുമാകുന്നു;

(ങ) "രാഷ്ട്രീയകക്ഷി" എന്നാൽ,—

(i) തൽസമയം പ്രാബല്യത്തിലുള്ള തെരഞ്ഞെടുപ്പു ചിഹ്നങ്ങൾ (സംവരണവും നീക്കിവയ്ക്കലും) ഓർഡർ, 1968-ന്റെ കീഴിൽ ഒരു രാഷ്ട്രീയകക്ഷിയായി ഭാരതത്തിന്റെ ഇലക്ഷൻ കമ്മീഷനിൽ രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ;

അല്ലെങ്കിൽ

(ii) ഏതെങ്കിലും നിയമനിർമ്മാണ മണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിർത്തിയിട്ടുള്ളതും എന്നാൽ ഒരു രാഷ്ട്രീയ കക്ഷിയായി തെരഞ്ഞെടുപ്പ് ചിഹ്നങ്ങൾ (സംവരണവും നീക്കിവയ്ക്കലും) ഓർഡർ, 1968-ന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടാത്തതോ;

അല്ലെങ്കിൽ

(iii) ഏതെങ്കിലും രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിനോ തെരഞ്ഞെടുപ്പിലൂടെയോ മറ്റുവിധത്തിലോ രാഷ്ട്രീയാധികാരം ആർജ്ജിക്കുന്നതിനോ വിനിയോഗിക്കുന്നതിനോ രൂപീകരിക്കപ്പെട്ടതോ,

ആയ ഒരു സംഘടന അല്ലെങ്കിൽ ആളുകളുടെ നികായം എന്നർത്ഥമാകുന്നു;

(ച) "മതസ്ഥാപനം" എന്നാൽ ഏതെങ്കിലും മതമോ വിശ്വാസമോ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഒരു സ്ഥാപനമെന്നർത്ഥമാകുന്നതും അതിൽ, ഏതു പേരിലോ അഭിധാനത്തിലോ, അറിയപ്പെടുന്നതായാലും, ഒരു പൊതു മതപ്രാർത്ഥനാലയമായി ഉപയോഗിക്കുന്ന ഏതെങ്കിലും സ്ഥലമോ പരിസരമോ ഉൾപ്പെടുന്നതുമാകുന്നു.

*ചില ആവശ്യങ്ങൾക്ക് മതസ്ഥാപനങ്ങൾ ഉപയോഗിക്കുന്നതിൻമേലുള്ള നിരോധനം*

3. യാതൊരു മതസ്ഥാപനവും അതിന്റെ മാനേജരും,—

(ക) ഏതെങ്കിലും രാഷ്ട്രീയപ്രവർത്തനത്തിന്റെ അഭിവൃദ്ധിക്കോ പ്രചരണത്തിനോ;

(ഖ) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ കുറ്റാരോപണം ചെയ്യപ്പെടുകയോ കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ ചെയ്ത ഏതെങ്കിലും ആൾക്ക് സംശ്രയം നല്കുന്നതിനോ;

(ഗ) ഏതെങ്കിലും ആയുധമോ വെടിക്കോപ്പോ സംഭരിച്ചു വയ്ക്കുന്നതിനോ;

(ഘ) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും സാമാനങ്ങളോ വസ്തുക്കളോ സൂക്ഷിക്കുന്നതിനോ;

(ങ) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ സാധുതയുള്ള ഒരു ലൈസൻസോ അനുമതിയോ കൂടാതെ അടിസ്ഥാനങ്ങളോ, നിലവറകളോ, ഗോപുരങ്ങളോ, മതിലുകളോ, ഉൾപ്പെടെയുള്ള ഏതെങ്കിലും നിർമ്മിതിയോ, കോട്ടയോ പണിയുന്നതിനോ, ഉണ്ടാക്കുന്നതിനോ;

(ച) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ നിരോധിക്കപ്പെട്ടതോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും ഉത്തരവിനെ ഉല്ലംഘിക്കുന്നതോ ആയ നിയമവിരുദ്ധമോ വിധ്വംസകമോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനോ;

(ഛ) മതപരമോ, വർഗ്ഗപരമോ, ഭാഷാപരമോ, പ്രാദേശികമോ ആയ വിവിധ വിഭാഗങ്ങളോ ജാതികളോ സമുദായങ്ങളോ തമ്മിൽ പൊരുത്തക്കേടോ ശത്രുതാമനോഭാവമോ വെറുപ്പോ വിദ്വേഷമോ പ്രോൽസാഹിപ്പിക്കുകയോ പ്രോൽസാഹിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുന്നതിനോ;

(ജ) ഭാരതത്തിന്റെ പരമാധികാരത്തിനും ഐക്യത്തിനും അഖണ്ഡതയ്ക്കും ഹാനികരമായ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനോ;

(ഝ) ദേശീയമാനത്തോടുള്ള അപമാനങ്ങളുടെ നിവാരണം ആക്റ്റ്, 1971 (1971-ലെ 69)-ലെ വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനോ;

വേണ്ടി ആ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിൻകീഴിലോ ഉള്ള അതിന്റെ യാതൊരു പരിസരവും ഉപയോഗിക്കുകയോ ഉപയോഗിക്കാൻ അനുവദിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

*മതസ്ഥാപനത്തിനുള്ളിലേക്ക് ആയുധങ്ങളോ വെടിക്കോപ്പോ കൊണ്ടുവരുന്നതിൻമേലുള്ള നിരോധനം*

4. യാതൊരു മതസ്ഥാപനവും അതിന്റെ മാനേജരും ഏതെങ്കിലും ആയുധങ്ങൾക്കോ വെടിക്കോപ്പിനോ ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ വഹിക്കുന്ന ഏതെങ്കിലും ആൾക്കോ മതസ്ഥാപനത്തിൽ പ്രവേശനം അനുവദിക്കാൻ പാടില്ലാത്തതാകുന്നു:

എന്നാൽ ഈ വകുപ്പിലെ യാതൊന്നും—

(ക) സിക്കുമതവിശ്വാസിയായ ഏതെങ്കിലും ആൾ കൃപാൺ ധരിക്കുന്നതിനോ വഹിക്കുന്നതിനോ;

(ഖ) ആചാരമോ വഴക്കമോ അനുസരിച്ച് സ്ഥാപിതമായപ്രകാരം സ്ഥാപനത്തിലെ ഏതെങ്കിലും മതപരമായ അടിയന്തിരത്തിന്റെയോ ചടങ്ങിന്റെയോ ഭാഗമായി ഉപയോഗിക്കുന്ന ഏതെങ്കിലും ആയുധങ്ങൾക്കോ,

ബാധകമാകുന്നതല്ല.

*ചില പ്രവർത്തനങ്ങൾക്ക് മതസ്ഥാപനങ്ങളുടെ ഫണ്ടുകൾ ഉപയോഗിക്കുന്നത് നിരോധിക്കൽ*

5. യാതൊരു മതസ്ഥാപനവും അതിന്റെ മാനേജരും ആ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലോ അതിന്റെ നിയന്ത്രണത്തിൻകീഴിലോ ഉള്ള ഏതെങ്കിലും ഫണ്ടുകളോ മറ്റു സ്വത്തുക്കളോ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ നേട്ടത്തിനോ ഏതെങ്കിലും രാഷ്ട്രീയപ്രവർത്തനത്തിന്റെ ആവശ്യത്തിനോ ഏതെങ്കിലും നിയമത്തിൻകീഴിൽ കുറ്റകൃത്യമായി ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

*മതപരമായ കാര്യങ്ങൾക്കുള്ള വേദികളിൽ രാഷ്ട്രീയാശയങ്ങൾ പ്രചരിപ്പിക്കുന്നത് നിരോധിക്കൽ*

6. യാതൊരു മതസ്ഥാപനവും അതിന്റെ മാനേജരും അതിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നതോ നടത്തുന്നതോ ആയ ഏതെങ്കിലും അടിയന്തിരമോ, ഉൽസവമോ, സമ്മേളനമോ, ഘോഷയാത്രയോ രാഷ്ട്രീയ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതനുവദിക്കാൻ പാടില്ലാത്തതാകുന്നു.

*ശിക്ഷകൾ*

7. ഏതെങ്കിലും മതസ്ഥാപനമോ അതിന്റെ മാനേജരോ 3-ാം വകുപ്പിലെയോ 4-ാം വകുപ്പിലെയോ 5-ാം വകുപ്പിലെയോ 6-ാം വകുപ്പിലെയോ വ്യവസ്ഥകൾ ഉല്ലംഘിക്കുന്നിടത്ത് മാനേജരും അങ്ങനെയുള്ള ഉല്ലംഘനത്തോടു ബന്ധപ്പെട്ട ഓരോ ആളും അഞ്ചുവർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവും പതിനായിരം രൂപയോളമാകാവുന്ന പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

*ഈ ആക്റ്റിൻകീഴിൽ കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ ചാർജ്ജ്ഷീറ്റ് ചെയ്യപ്പെടുകയോ ചെയ്ത ആളുകളെ അയോഗ്യരാക്കൽ*

8. (1) ഒരു മതസ്ഥാപനത്തിന്റെ ഏതെങ്കിലും മാനേജരോ മറ്റു ജീവനക്കാരനോ ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റത്തിനു കുറ്റസ്ഥാപനം ചെയ്യപ്പെടുന്നതിൻമേൽ അയാളുടെ ഉദ്യോഗത്തിൽനിന്നോ തസ്തികയിൽ നിന്നോ നീക്കംചെയ്യപ്പെട്ടതായിത്തീരുന്നതും മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അയാൾ കുറ്റസ്ഥാപനം ചെയ്യപ്പെട്ട തീയതിമുതൽ ആറുവർഷക്കാലത്തേക്ക് മാനേജരായോ മറ്റേതെങ്കിലും നിലയിലോ ഏതെങ്കിലും മതസ്ഥാപനത്തിൽ നിയമിക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതുമാണ്.

(2) ഒരു മതസ്ഥാപനത്തിലെ ഏതെങ്കിലും മാനേജരോ മറ്റു ജീവനക്കാരനോ ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം സംബന്ധിച്ച് കുറ്റാരോപണം ചെയ്യപ്പെടുകയും അങ്ങനെയുള്ള ആളുടെ പ്രോസിക്യൂഷനുവേണ്ടിയുള്ള ഒരു ചാർജ്ജ്ഷീറ്റ് ഏതെങ്കിലും കോടതിയിൽ ഫയൽ ചെയ്യപ്പെടുകയും ചാർജ്ജ്ഷീറ്റ് പരിഗണിച്ചതിനുശേഷവും പ്രോസിക്യൂഷനും പ്രതിക്കും പറയാനുള്ളത് കേട്ടതിനുശേഷവും പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് കോടതിക്ക് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നിടത്ത് വിചാരണ നിലവിലിരിക്കെ ഔദ്യോഗികാധികാരങ്ങൾ വിനിയോഗിക്കുകയോ കർത്തവ്യങ്ങൾ നിർവ്വഹിക്കുകയോ ചെയ്യുന്നതിൽനിന്ന് പ്രസ്തുത ആളെ തടഞ്ഞുകൊണ്ടുള്ള ഒരു ഉത്തരവോ നിർദ്ദേശമോ കോടതി പുറപ്പെടുവിക്കേണ്ടതാണ്.

(3) മാനേജരോ മറ്റു ജീവനക്കാരനോ (1)-ാം ഉപവകുപ്പുപ്രകാരം നീക്കംചെയ്യപ്പെടുകയോ (2)-ാം ഉപവകുപ്പുപ്രകാരം തടയപ്പെടുകയോ ചെയ്യുന്നിടത്ത് അങ്ങനെ നീക്കംചെയ്യപ്പെടുകയോ തടയപ്പെടുകയോ ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ഒഴിവ് പ്രസ്തുത മതസ്ഥാപനത്തിന് ബാധകമായ നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ നികത്താവുന്നതാണ്.

*പോലീസിന് വിവരം നൽകുന്നതിന് ചില ആളുകൾ ബാദ്ധ്യസ്ഥരാണെന്ന്*

9. ഒരു മതസ്ഥാപനത്തിലെ ഓരോ മാനേജരും മറ്റു ജീവനക്കാരനും ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ഏതെങ്കിലും ഉല്ലംഘനത്തിന്റെയോ ആസന്നമായിരിക്കുന്ന ഏതെങ്കിലും ഉല്ലംഘനത്തിന്റെയോ വിവരം ആ മതസ്ഥാപനം സ്ഥിതിചെയ്യുന്നത് ഏതു പോലീസ് സ്റ്റേഷന്റെ തദ്ദേശാതിർത്തിക്കുള്ളിലാണോ ആ പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് നല്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും അങ്ങനെ ചെയ്യുന്നതിൽ വീഴ്ചവരുത്തിയാൽ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45) 176-ാം വകുപ്പു പ്രകാരം ശിക്ഷിക്കപ്പെടേണ്ടതുമാകുന്നു.

*റദ്ദാക്കലും ഒഴിവാക്കലും*

10. (1) മതസ്ഥാപനങ്ങൾ (ദുരുപയോഗം തടയൽ) ഓർഡിനൻസ്, 1988 (1988-ലെ 3-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാലും മുൻപറഞ്ഞ ഓർഡിനൻസിൻ കീഴിൽ ചെയ്തിട്ടുള്ള എന്തും എടുത്തിട്ടുള്ള ഏതു നടപടിയും ഈ ആക്റ്റിന്റെ തൽസ്ഥാനീയ വ്യവസ്ഥകൾക്കുകീഴിൽ ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതാകുന്നു.